


# പ്രതീക്ഷ

## ജി.എച്ച്.എസ്സ്.എസ്സ്
## പള്ളിമൺ

*ലിറ്റിൽകൈറ്റ് യൂണിറ്റ് - 2018-19*

# ആശംസ

സാങ്കേതിക വിദ്യയോടുള്ള പുതുതലമുറ യുടെ താൽപ്പര്യം, ഗുണപരമായും സർഗ്ഗാത്മകമായും പ്രയോജനപ്പെടുത്തുന്നതിനായി ഹൈടെക്ക് പദ്ധതിയിലൂടെ, കേരള സർക്കാർ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കുന്ന , കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. സാങ്കേതിക രംഗത്തെ വൈവിധ്യമാർന്ന പരിശീലനപ്രവർത്തനത്തിലൂടെ, ഓരോ ലിറ്റിൽ കൈറ്റംഗവും സ്വായത്തമാക്കിയ നൈപുണികൾ എഴുതി പ്രദർശിപ്പിക്കുന്നതിനുള്ള വേദിയാകട്ടെ ഈ മാഗസീൻ എന്നാശംസിക്കുന്നു.

ഹെഡ്മിസ്ട്രസ്സ്
**സുനിത പി**

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കുന്ന ഒരു സംരംഭമാണിത്. കൈറ്റ് അംഗങ്ങളുടെ സഹായത്തോടെയാണ് ഇതിന് രൂപംകൊടുത്തിട്ടുള്ളത്. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ കൂട്ടുകാർക്കും അദ്ധ്യാപകർക്കും നന്ദി രേഖപ്പെടുത്തുന്നു.

**വിഷ്ണു**
മാഗസിൻ എഡിറ്റർ

**കവർ - ആര്യൻ അജികുമാർ**

# അരനൂറ്റാണ്ട് പിന്നിട്ട സരസ്വതീക്ഷേത്രത്തിന്റെ കിതപ്പും കുതിപ്പും

ഐക്യകേരളത്തിന്റെ ആദ്യ മന്ത്രിസഭയുടെ അകാല പതനത്തിനു ശേഷം അധികാരത്തിൽ വന്ന ശ്രീ പട്ടം താണുപ്പിള്ളയുടെ ഭരണകാലം 1960 ഒക്ടോബർ 1 ശനിയാഴ്ച കൊല്ലം താലൂക്കിലെ നെടുമ്പനപഞ്ചായത്തിലെ പള്ളിമൺ നിവാസികൾ ഉൾക്കിടിലത്തോടെ ഓർക്കുന്ന ദുർദിനം......

കൊഞ്ചിക്കടവ് തോണിയപകടം........

കിഴക്കൻ മലനിരകളിൽ പിറന്ന് പടിഞ്ഞാറോട്ടൊഴുകി പരവൂർ കായലായി പരിണമിച്ച്

പടിഞ്ഞാറൻ കടവിൽ പതിക്കുന്ന ഇത്തിക്കരയാറ്. കൊല്ലം തിരുവനന്തപുരം ദേശീയപാതയിൽ കൊട്ടിയത്തിനും ചാത്തനൂരിനുമിടയിൽ നദിക്കു കുറുകെയുള്ള ഇത്തിക്കരപാലം. പാലത്തിനു മുകളിൽ മൈലുകൾക്കകലെയുള്ള കഞ്ചികടവ്.

നെടുമ്പന,ആദിച്ചനല്ലൂർ പഞ്ചായത്തുകളെ ചാത്തന്നൂർ എന്ന ചെറുപട്ടണവുമായി ബന്ധിപ്പിക്കുന്ന പ്രധാനജലപാത. നേരം പത്തുമണയാകാൻ പിന്നെയും നിമിഷങ്ങൾ മാത്രം. കുലം കുത്തി പാഞ്ഞുവന്ന മലവെള്ളം മുറിച്ചുകടക്കാൻ തുനിഞ്ഞ കടത്തു വഞ്ചി നിയന്ത്രണം വിട്ട് കരയിലെ കൂറ്റൻ പാറയിൽ ചെന്നുമുട്ടി. പിന്നീടുണ്ടായ നിമിഷങ്ങളെ കുറിച്ച് പറഞ്ഞുകേൾപ്പിക്കാൻ ആറ്റിൻ കരയിലെ കാട്ടുപൊന്തകളും ചലനശേഷിയറ്റ ഏതാനും നാവുകളും മാത്രം.മറുകരയിൽ ചേതനയറ്റുനിന്ന ഏതാനും സഹപാഠികളുടെ അലമുറകേട്ട് പുഴയോരത്തെ പാടശേഖരങ്ങളിൽ പണിയെടുത്തുകൊണ്ടിരുന്ന ഒരുപറ്റം തൊഴിലാളികൾ ജീവൻ പണയംവെച്ച് പുഴയാഴങ്ങളിൽ എടുത്തുചാടി. ഏറെനേരത്തെ പ്രയത്നത്തിന് ശേഷം അവർ കണ്ണിൽപ്പെട്ടവരെയെല്ലാം കരയിലെത്തിച്ചു . ഇഷ്ടതോഴരേയും ഉറ്റമിത്രങ്ങളെയും കാണാതെ പുഴയോരത്തെ ചെളിമണ്ണിൽ കിടന്ന് അലമുറയിട്ട് വിലാപങ്ങളിൽനിന്ന് ഇനിയൊരിക്കലും മടങ്ങിവരാത്ത സഹപാഠികളുടെ എണ്ണം കേട്ട് നാടും വീടും വലിയവായിൽ പൊട്ടികരഞ്ഞു.....

കൊഞ്ചികടവിൽ തോണിമറിഞ്ഞ് എട്ട് വിദ്യാർത്ഥികൾ മുങ്ങിമരിച്ചു . ആകാശവാണിയിലെ പ്രാദേശികവാർത്തയിലെ ആദ്യവാക്കുകൾ...........

നാല്പതോളം യാത്രക്കാരുണ്ടായിരുന്നു വഞ്ചിയിൽ.ഭൂരിഭാഗവും പള്ളിമൺ ദേശകാരായ സ്കൂൾ വിദ്യാർത്ഥികൾ..........

കൊഞ്ചിക്കടവിൽ വള്ളം മറിഞ്ഞ് എട്ട് പെൺകുട്ടികൾ മരിച്ചു. കൊഞ്ചികടവിൽ പൊലിഞ്ഞ അഷ്ടസൂനങ്ങൾ......... ഭാരതി,ദേവയാനി,സരസ്വതി,രത്നമ്മ,സരോജനി............

ചാത്തന്നൂർ എൻ. എസ്.എസ്.ഹൈസ്കൂളിലെ എട്ടും,പത്തും ക്ലാസുകളിലെ വിദ്യാർത്ഥിനികൾ. നാടിനും വീടിനും നേരവകാശികൾ.അറിവിന്റെ അഗ്നിതേടിപ്പോയ അഷ്ടകന്യകമാർ. വിജ്ഞാനവീഥിയുടെ മുന്നേറ്റരഥങ്ങളിൽ ഓർമ്മയുടെ ഒരായിരം ഓശാനപ്പൂക്കൾ ചൊരിഞ്ഞവർ...............................



# പ്രണാമം

പത്മനാഭപിള്ള വേലുപ്പിള്ള
സ്കൂൾ സ്ഥാപകൻ
(1899 -1962)
പള്ളിമണിലെ പുരാതനതറവാടായ മഞ്ചാടിയിൽ
ശ്രീ.പത്മനാഭപിള്ളയുടെ അനന്തിരവനായി 1899 ൽ ജനിച്ചു
വിദ്യാഭ്യാസാനന്തരം 1924ൽ
കുടുംബവക സ്ഥലമായ ചെറിയവിളയിൽ ഓലപ്പുര
കെട്ടി ഒരു പൊതുവിദ്യാലയം ആരംഭിച്ചു. 1944ൽ
ശ്രീ മീമ്പാട്ട് നാണുപിള്ള സാറിൽനിന്ന് ലഭിച്ച 33 സെന്റ് സ്ഥലത്ത് (ഇന്നത്തെ എൽ.പി.എസ് നിൽക്കുന്ന സ്ഥലം)ഒരു സ്ഥിരം കെട്ടിടം നിർമ്മിച്ച് സ്കൂൾ നടത്തിക്കൊണ്ടുപോകാൻ കഴിയാതെ വന്നപ്പോൾ 1944 ൽ ഒറ്റച്ചക്രം പ്രതിഫലം വാങ്ങിക്കൊണ്ട് സ്കൂൾ സർക്കാരിന് വിട്ടുകൊടുത്തു. തുടർന്ന് പ്രധാനാധ്യാപകനായി 1960 വരെ സേവനം അനുഷ്ഠിച്ചു  ജാതിമതാന്ധർക്കെതിരെ പതഞ്ഞുപൊങ്ങിയ രോഷത്തിന്റെ ആൾരൂപമായിരുന്നു വേലുപ്പിള്ള സാർ

നാടിന്റെ ഗുരുനാഥനായ ശ്രീമാൻ വേലുപ്പിള്ള സാ ർ വർഷങ്ങൾക്ക് മുമ്പ് (1924)കുടുംബപുരയിടമാ യ ചെറിയിടവിളയിൽ സ്ഥാപിച്ച പൊതുവിദ്യാ
ലയമായ പള്ളിമൺ എൽ.പി.എസ് വളർച്ചയുടെ പടവുകൾ പിന്നിട്ട് എൽ.കെ.ജി മുതൽ പന്ത്രണ്ടാംതരം വരെയുള്ള ഒരു വിജ്ഞാനസമുച്ചയമായി പരിണമിച്ചിരിക്കുകയാണ്.

## പി.എൻ.പണിക്കർ
## "വായിച്ചു വളരുക,ചിന്തിച്ചു വിവേകം നേടുക,അക്ഷരങ്ങളെ പൂജിക്കുക പുസ്തകങ്ങളെ സ്നേഹിക്കുക"



ആലപ്പുഴ ജില്ലയിലെ കുട്ടനാട്ടിലെ നിലം പേരൂർ ഗ്രാമത്തിൽ 1909ൽ ജനിച്ചു. "വായിച്ചു വളരുക ചിന്തിച്ച് വിവേകം നേടുക,അക്ഷരങ്ങളെ പൂജിക്കുക,പുസ്തകങ്ങളെ സ്നേഹിക്കുക" എന്ന മുദ്രാവാക്യവുമായി സാംസ്ക്കാരിക ജാഥ നടത്തി. കേരള ഗ്രന്ഥശാലാസംഘത്തിന്റെ സ്ഥാപകൻ. സമ്പൂർണ്ണ ജാഥയുടെ ശിൽപി. സൗഹൃദ ഗ്രാമത്തിന്റെ ഉപജ്ഞാതാവ്. കേരളത്തെ ജ്ഞാനപ്രകാശത്തിലെക്കുനയിച്ച സൂപ്പർ വൈസ് ചാൻസലർ എന്ന് സുകുമാർ അഴീക്കോട് വിളിച്ചിട്ടുണ്ട്.
1995 ൽ ഈ ലോകത്തോട് വിടപറഞ്ഞു




## നവംബർ1
## കേരളപ്പിറവി ദിനം

നിറഞ്ഞ പുഞ്ചിരിയുമായ്
എന്നെ നോക്കുന്ന അമ്മയാണ് എന്റെ നാട്
കരഞ്ഞുകലങ്ങിയ
കണ്ണുനീരിൽനിന്ന്
എന്നെ നടുക്കിയ നിന്നെ വീണ്ടും
പടുത്തുയർത്താൻ
എന്റെ കൈകൾ നിനക്കേകാം

**ശ്രീജിത്ത്**

# ഭാഷ

മലയാളമാണ് എന്റെ ഭാഷ
എന്റെ ഭാഷ എന്റെ വീടാണ്
എന്റെ ആകാശമാണ്
ഞാൻ കാണുന്ന നക്ഷത്രമാണ്
എന്നെ തഴുകുന്ന കാറ്റാണ്
എന്റെ ദാഹം ശമിപ്പിക്കുന്ന
കുളിർ വെള്ളമാണ്
എന്റെ അമ്മയുടെ തലോടലും
ശാസനയുമാണ്
ഏത് നാട്ടിലെത്തിയാലും
ഞാൻ സ്വപ്നം കാണുന്നത്
എന്റെ ഭാഷയിലാണ്
എന്റെ ഭാഷ ഞാൻതന്നെയാണ്

**അനാമിക 8 എ**



# കുസൃതി ചോദ്യങ്ങൾ



ആർക്കും തിന്നാൻ കിട്ടാത്ത ചോറ് - തലച്ചോറ്
വാർത്തകളൊന്നും വരാത്ത പത്രം - മുദ്രപത്രം
കരയുകയും ചിരിക്കുകയും ചെയ്യുന്ന പാത്രം - കഥാപാത്രം
നിങ്ങളോട് വാതിൽ പറയുന്നത് എന്താണ് - വാ ഇതിലേ
മതിൽ നിങ്ങളോട് പറയുന്നത്എന്താണ് - മതി ഇതിലേ
ജലയാനങ്ങൾ മുങ്ങുന്നതെന്ത്കൊണ്ട് - വെള്ളത്തിലായതുകൊണ്ട്
കാലില്ലാത്ത ആന - ബനാന
പല്ലുണ്ടെങ്കിലും കടിക്കാത്തത് - ചീപ്പ്
പൂവുണ്ട് ചെടിയില്ല - പൂവൻകോഴി
തലതിരിഞ്ഞാൽ എണ്ണം കൂടുന്ന ഇംഗ്ലീഷ് അക്കം - 6
ഒരു കാലിച്ചാക്കിൽ എത്ര തേങ്ങ ഇടാം - 1 മാത്രം
കുളവും മുതലയും ഇല്ലാത്ത സ്ഥലം -മുതലക്കുളം
വിമാനത്തിന്റെ വേഗതയ്ക്ക് പിന്നിൽ പ്രവർത്തിക്കുന്നതെന്ത് - യന്ത്രം
ദോശ ചുടുമ്പോൾ തിരിച്ച് ഇടുന്നത് എന്തിന് - അതിന് തനിയെ തിരിയാൻ പറ്റില്ല

**മേഘ**



# വായനാദിനക്വിസ്

1.പ്രബുദ്ധ കേരളം എന്ന പ്രസിദ്ധീകരണം ആരംഭിച്ച
നവോത്ഥാനനായകൻ ആര് ?
***ആഗമാനന്ദൻ***

2.ടാഗോറിന്റെ കേരളം സന്ദർശനവേളയിൽ, അദ്ദേഹത്തി
നെപ്രകീർത്തിച്ച ദിവ്യകോകിലം രചിച്ചത് ആര് ?
***കുമാരനാശാൻ***

3.ശ്രീനാരായണഗുരു മുനിചര്യപഞ്ചകം രചിച്ചത് ആരെ സന്ദർശിച്ച ശേഷമാണ് ?
***രമണമഹർഷിയെ***

4.ഇക്കണോമിക്ക് ഹിസ്റ്ററി ഓഫ് ഇന്ത്യ ആരുടെ രചനയാണ് ?
***ആർ.സി.ദത്ത്***

5.ലോക്സഭാംഗമായിരുന്ന കേരളത്തിൽ നിന്നുള്ള ജ്ഞാനപീഠ ജേതാവാര് ?
***എസ്.കെ.പൊറ്റെക്കാട്ട്***

6.കേരളാരാമം എന്ന് തുടക്കത്തിൽ അറിയപ്പെട്ട കൃതിയേത് ?
***ഹോർത്തൂസ് മലബാറിക്കസ്***

7.അല്ലെങ്കിൽ ഒരു സ്നേഹം എന്നുകൂടി അറിയപ്പെടുന്ന കുമാരനാശാന്റെ കൃതിയേത് ?
***നളിനി***

8.തിരുവിതാംകൂറിലെ ഏത് മഹാറാണിയുടെ ജീവചരിത്രഗ്രന്ഥമാണ് അറ്റ് ദി ടേൺ ഓഫ് ദിടൈഡ് ?
***സേതുലക്ഷ്മീബായി***

9.കേരളത്തിന്റെ സാംസ്കാരിതഗീതമായി 'ജയ ജയ കോമള ധരണി' എന്ന ഗീതം രചിച്ചതാര് ?
***ബോധേശ്വരൻ***

10.മലയാളത്തിൽ അച്ചടിച്ച ആദ്യത്തെ മാസിക ഏത് ?
***ജ്ഞാനനിക്ഷേപം***

11.സാഹിത്യത്തിനുള്ള നൊബേൽ പുരസ്കാരത്തിന് കേരളത്തിൽ നിന്ന് ആദ്യമായി നാമനിർദേശം ചെയ്യപ്പെട്ടതാര് ?
***കമലാ സുരയ്യ***

12.'വൈദ്യജീവനം'എന്ന ആയുർവേദഗ്രന്ഥം രചിച്ച പ്രമുഖ മലയാള കവിയാര് ?
***വള്ളത്തോൾ***

**ആതിര എസ്. മുരളി**



# മരം ഒരു വരം

മരമൊരു വരമാണ് മകനെമറക്കരുത്
മരമില്ലയെങ്കിൽ നാമില്ല
ആഗോളതാപനം മരമാണ് മറുപടി
മറു മരുന്നില്ല മറ്റൊന്നും

ഇന്ധനം കത്തി ജ്വലിക്കുംവിഷധൂമം
സ്വന്തം ഹൃദന്തത്തിലേന്തി
ജീവന്റെ വാതകം ലോകത്തിനേകുന്ന
വൃക്ഷമേ നീയുറ്റ ബന്ധു

മഴയായി പുല്കുന്ന പുഴയെ ഒഴുക്കുന്ന
ഹരിതാഭ വിസ്മയം വൃക്ഷം
കൊടുവേനലിൽ കത്തിയെരിയാതെ ഭൂമിക്ക്
കുടയായി മേറും മരങ്ങൾ

ജീവലോകത്തിന്റെ ഭക്ഷ്യനിർമ്മാതാക്കൾ
ജീവൻ തുടിക്കും തരുക്കൾ
ഭവനങ്ങൾ തീർക്കുമ്പോൾ വാതായനങ്ങളായ്
കുളിർ കാറ്റൊഴുക്കുന്നു നിത്യം

ജീവജാലങ്ങൾക്കഭയ കേന്ദ്രമായി
ക്ഷീണിച്ചവന്നു തണലായ്
ലോകത്തെ സുന്ദരമാക്കും മരങ്ങളെ
മാറോടണയ്ക്കണം നമ്മൾ
ലോകത്തെ സുന്ദരമാക്കും മരങ്ങളെ
വാരിപ്പുണരേണം നമ്മൾ

മീയ്യണ്ണൂർ ബാബു
അദ്ധ്യാപകൻ
ജി.എച്ച്.എസ്.എസ് പള്ളിമൺ



## അക്ഷരങ്ങൾ


അമ്മമടിത്തട്ടിലൊന്നുമേയറിയാതെ
ആദ്യമായി മൊഴിഞ്ഞു അമ്മയെന്നരണ്ടക്ഷരം
പിന്നെയൊരായിരമക്ഷരമുത്തുകൾ
തേൻ നിലാവായി ചൊരിഞ്ഞു മലയാളത്തിൽ
അക്ഷരമുത്തുകൾ അറിവിന് വിത്തുകൾ
ഇവയിൽ തെളിയട്ടെ നാൾക്കുനാൾ
ആത്മാവിലുതിരും ദിവ്യ സങ്കല്പങ്ങൾ
പൊൻതൂവലായി പറക്കട്ടെ മേൽക്കുമേൽ
അറിവിന്നാകാശം തേടിപ്പോമക്ഷരങ്ങള്
അന്തരാത്മാവിലുപുത്തനാം വസന്തങ്ങള്
ആയിരം വർണ്ണോൽസവങ്ങൾ വിരിയും
ആത്മസങ്കല്പത്തിന്നവലോകം വിരിയട്ടെ

**നാദിയ (പൂർവ വിദ്യാർത്ഥി)**

# കടംകഥകൾ

**നവ്യാ സുരേഷ്**

1. അഴിയെറിഞ്ഞ അമ്പലത്തിൽ കിളിയിരുന്നു ചിലയ്ക്കുന്നു
2. ആയിരും കണ്ണൻ ആറ്റിച്ചാടി
3. ഇല്ലത്തമ്മ കുളിച്ചുവരുമ്പോൾ കഞ്ഞിക്കിണ്ണം തുള്ളിതുള്ളി
4. ഈച്ച തൊടാത്തൊരിറച്ചിക്കഷ്ണം
5. ഉണ്ണുനീലി പെണ്ണിന് ഒരിക്കലേ പേറുള്ളൂ
6. എന്റെ പായ മടക്കീട്ടും മടക്കീട്ടും തീരുന്നില്ല
7. ഒരു തൊഴുത്തിൽ 32 വെള്ളക്കാള
8. ഓടി നടക്കും,പറന്നു നടക്കും തീപ്പന്തം
9. കട കത്തിച്ചു തല കുത്തിച്ചു
10. ചട്ടിയിൽ ചട്ടി പതിനെട്ടു ചട്ടി



### ഉത്തരങ്ങൾ

1. നാവ്
2. വല
3. അരി തിളയ്ക്കുക
4. തീക്കട്ട
5. വാഴ
6. ആകാശം
7. പല്ല്
8. മിന്നാമിന്നുങ്ങ്
9. നെല്ല്
10. തെങ്ങിൻപട്ട



# കൗമാരക്കാരിൽ കൗൺസിലിങ്ങിന്റെ ആവശ്യകത

കൗമാരകാലഘട്ടമാണ് ഒരു വ്യക്തിയുടെ വളർച്ച ധ്രുതഗതിയിൽ നടക്കുന്ന കാലഘട്ടം പത്തുവയസ്സ് മുതൽ പത്തൊൻപത് വയസ്സ് വരെയുള്ള കാലഘട്ടത്തെയാണ് കൗമാര കാലഘട്ടമെന്ന് പറയുന്നത് ഈകാലഘട്ടത്തിൽ ഒരു വ്യക്തിയുടെ ജീവിതത്തിൽ ശാരീരികപരമായും,മാനസികപരമായും ,സാമൂഹികപരമായും ഉള്ള മാറ്റങ്ങൾ സംഭവിക്കുന്നു. കൗമാരത്തിൽ നിരന്തരമായി മനോപീഢനങ്ങളും ക്ലേശങ്ങളും മാതാപിതാക്കളിൽ നിന്നോ മറ്റുള്ളവരിൽ നിന്നോ അനുഭവിച്ചോ വളരുന്ന കുട്ടികൾ പലവിധ മാനസിക വൈകല്യങ്ങൾക്കും ഇടയായി തീരും ഇത്തരം വൈകല്യങ്ങൾ മുതിർന്നു കഴിഞ്ഞാലും അവരിൽ നിലനിന്നു എന്നുവെന്നു വരാം കൗമാരത്തിനു ശേഷമുള്ള ജീവിതാനുഭവങ്ങളുടെ സ്വാധീനം

നിമിത്തം കുറെയൊക്കെ മാറ്റങ്ങൾ അവരിൽ ഉണ്ടാകുമെങ്കിലും പലരിലും  ഇത്തരം പ്രശ്നങ്ങൾ നിലനിന്നു പോരുന്നു

**എന്താണ് കൗൺസിലിങ്ങ് ?**

കൗൺസിലിങ്ങ് എന്നാൽ ഉപദേശം നൽകലല്ല. ഒരാളുടെ പ്രശ്നങ്ങൾക്ക് അയാളെ കൊണ്ടു തന്നെ പരിഹാരം കണ്ടെത്തിക്കുന്ന രീതിയാണ് കൗൺസിലിങ്ങ്,അതുകൊണ്ടു തന്നെ തന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരം കണ്ടെത്തുന്നതിന് വ്യക്തിയെ സഹായിക്കുന്ന ആൾ മാത്രമാണ് കൗൺസിലർ.

കൗൺസിലിങ്ങിലൂടെയോ സൈക്കോതെറാപ്പിയിലൂടെയോ പരിഹരിക്കാനാകാത്ത പ്രശ്നങ്ങൾക്ക് ഒരു മനോരോഗ വിദഗ്ദ്ധന്റെസേവനം ആവശ്യമാണ്

**വിവിധതരം കൗൺസിലിങ്ങുകൾ**

1 വ്യക്തിഗത കൗൺസിലിങ്ങ്
2. ഗ്രൂപ്പ് കൗൺസിലിങ്ങ്
3 ഫാമിലി കൗൺസിലിങ്ങ്
4. പ്രിമാരിറ്റൽ കൗൺസിലിങ്ങ്
5. ഡിഅഡിക്ഷൻ കൗൺസിലിങ്ങ്

കൗൺസിലിങ്ങിന്റെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം അതിന്റെ

രഹസ്യാത്കമകതയാണ് . വ്യക്തി പറയുന്ന കാര്യങ്ങൾ രഹസ്യമായി സൂക്ഷിക്കേണ്ട ഉത്തരവാദിത്വം കൗൺസിലർക്കുണ്ട് അത് വ്യക്തിയെ ബോധ്യപെടുത്താനും കൗൺസിലർക്ക് കഴിയണം കൗമാരക്കാർ, മദ്യം, മയക്കുമരുന്ന്,പുകവലി മറ്റു ആസക്തികൾ എന്നിവയ്ക്കു അടിമപ്പെടുന്ന ഈകാലഘട്ടത്തിൽ കൗൺസിലിങ്ങിന്റെ പ്രധാന്യം വളരെ വലുതാണ്

**അഞ്ജലിദാസ്**
**കൗൺസിലർ**



# പൊതുവിജ്ഞാനം

വിഷ്ണു 9- എ

1.മനുഷ്യഹൃദയത്തിൽ നിന്നുള്ള വൈദ്യുത ചലനങ്ങുടെ
രൂപരേഖ(ECG)ആദ്യമായി നിർമ്മിച്ച ശാസ്ത്രജ്ഞൻ
2.ലോകത്തിൽ ആദ്യമായി ഹൃദയം മാറ്റിവയ്ക്കൽ
ശസ്ത്രക്രീയ നടന്ന ആശുപത്രി
3.ഇന്ത്യയിൽ ബ്രിട്ടീഷ് ആധിപത്യത്തിന് അസ്തിവാരമിട്ട യുദ്ധം
4.മുഗൾ ചക്രവർത്തി അക്ബറിന്റെ തലസ്ഥാനം
5.പ്രതിശീർഷവരുമാനത്തിൽ ഒന്നാംസ്ഥാനത്ത് നില്ക്കുന്ന സംസ്ഥാനം
6.ഭൂവിസ്തൃതിയിൽ ഒന്നാംസ്ഥാനമുള്ള സംസ്ഥാനം
7.ഇന്ത്യയിലെ ഏറ്റവും വലിയ ഗുരുദ്വാര
8.മലബാർലഹള നയിച്ച മതണ്ഡിതൻ
9.ഇന്ത്യയിൽ ആദ്യത്തെ അണുവിസ്ഫോടനം നടന്നപ്പോഴത്തെ പ്രധാനമന്ത്രി
10.'മനുഷ്യൻ മതങ്ങളെ സൃഷ്ടിച്ചു'എന്ന ഗാനത്തിന്
രചയിതാവ് ഏത് സംസ്ഥാനക്കാരൻ
11.അമിതമായി അകത്തെത്തിയാൽ കരളിലടിയുന്ന വിറ്റാമിൻ
12.അർബുദബാധയേൽക്കാത്ത ഒരു മനുഷ്യാവയവം
13.രാജ്യാന്തര കോടതിയുടെ ആസ്ഥാനം
14.നളചരിതം ആട്ടക്കഥയെ കേരള ശാകുന്തളം എന്ന് വിശേഷിപ്പിച്ച നിരൂപകൻ
15.ആയുർ വേദത്തിൽ ത്രിഫല എന്ന് വിളിക്കുന്നത്
എന്തിനെയാണ്
16.ഗ്ലാസ് ലയിക്കുന്നത് ഏത് ആസിഡിലാണ്
17.കേരള കലാമണ്ഡലം സ്ഥിതി ചെയ്യുന്നത് ഏത്
പുഴയുടെ തീരമാണ്.

## ഉത്തരങ്ങൾ

1.വില്യം ഐന്തോവൻ
2.ദക്ഷിണാഫ്രിക്കയലെ ഗ്രൂട്ട്ഷൂർ ആശുപത്രി
3.പ്ലാസിയുദ്ധം
4.ഫത്തേപ്പൂർസിക്രി
5.പഞ്ചാബ്
6.രാജസ്ഥാൻ
7.അമൃതസർ
8.ആലിമുസലിയാർ
9.ശ്രീമതി ഇന്ദിരാഗാന്ധി
10.കേരളംവയലാർ
11.വിറ്റാമിൻഅ
12.ഹൃദയം
13.ഹേഗ്
14.മുണ്ടശ്ശേരി
15.കടുക്ക,നെല്ലിക്ക,താന്നിക്ക
16.ഹൈഡ്രോഫ്ളൂറിക്ക് ആസിഡ്
17. ഭാരതപുഴ



# പുനർജ്ജനി

വിശ്വാസത്തിൻ കൂട്ടിൽ നിന്നും
ഉയർന്നതെന്റെ കേരളം
പുനർജനിച്ച കേരളം
ആത്മാർത്ഥയുടെ  കൂട്ടിൽ നിന്നും
ഉയർന്നതെന്റെ കേരളം
പുനർജനിച്ച നവകേരളം
കേരങ്ങളുടെ കൂട്ടിൽ നിന്നും
ഉയർന്നതെന്റെ കേരളം
പുനർജനിച്ച നവകേരളം

**അമൃതശ്രീ**
**8എ**

## വാക്കിന്റെ ഉറവിടങ്ങൾ

മേഘ

**പായസം**

പയസ്സു' കൊണ്ടുണ്ടാക്കുന്നതാണ്'പായസം'. അല്ലെങ്കിൽ പയസ്സു ചേർത്തുണ്ടാക്കുന്നതുമാകാം . പയസ്സിനർഥം പാൽ എന്നാണ് . അപ്പോൾ പാലുകൊണ്ടുണ്ടാക്കുന്നതാണ് പായസം. പിൽക്കാലത്ത് മറ്റു പല മധുരഭോജ്യങ്ങളും പായസം എന്ന പേരിൽ പ്രസിദ്ധമായി . അരവണ പായസത്തിൽ പാല് ചേർക്കാറില്ലല്ലോ. അതുപോലെ ശർക്കര ചേർത്തു ണ്ടാക്കുന്ന ശർക്കര പായസവും വന്നു. അത് തിരിച്ചറിയാൻ ശർക്കര പ്പായസമെന്നും പറയാൻ തുടങ്ങി. അങ്ങനെപാൽ പായസത്തിൽ ഒരു 'പാൽ'  അധികമായ് വന്നു ചേർന്നു.



# ദ്രൗപതി



ആരിവൾ
ആരിവൾ ദ്രൗപതി
ആരിവൾ ദ്രൗപതി ലോകമാം കൗരവ
ചൂതാട്ട വേദിതൻ പണയവസ്തു
അഞ്ചു പേർ രക്ഷയ്ക്ക് കാവലുണ്ടായിട്ട്
നെഞ്ചു പൊട്ടി കരഞ്ഞീടുന്നവൾ

ദുശ്ശാസനൻമാർ ശകുനിമാരും ചേർന്ന്
ദുഃഖക്കടലിലെറിയുന്നു സ്ത്രീകളെ
വസ്ത്രമുരിയുന്നു മാനം കെടുത്തുന്നു
രക്ഷിക്കുവാനിന്നൊരാളുമില്ല

പാണ്ഡവരഞ്ചിന്റെ പ്രണയവസ്തു
പാഞ്ചാലിയിന്നൊരു പണയവസ്തു

കന്യകകളമ്മമാർ സോദരമാരുടെ
കണ്ണുനീർ വീണു കുതിർന്നു ഭൂമി
കണ്ണുകളിൽ കനവിന്റെ കായാംപൂകരിയുന്നു
പെണ്ണിവൾ നിലക്കാത്ത ദുരിതത്തിലാഴുന്നു

കിട്ടിയതൊരല്പം കുറഞ്ഞു പോയതിനു
കിട്ടുവാനല്പം കഴിഞ്ഞു പോയതിന്
കെട്ടിയൊരു പെണ്ണിനകിട്ടിയൊരു വടിവാളിൽ
വെട്ടിയതിലൊഴുകുന്ന ചുടുനിണ സ്പന്ദനം

അമ്മായിത്തള്ളയും നാത്തൂനുമിഴചേർന്ന
കണ്ണീരിൻ കൈലേസു പെണ്ണിന്റെ ജീവിതം
മണ്ണെണ്ണയിൽ ഗ്യാസ് സിലിണ്ടറിൽ കത്തുന്നു
മണ്ണിന്റെ മാറിലെ തീ ഗോളമായ്

കപടസ്നേഹത്തിന്റെ കയറിൽ കുരുക്കീട്ട്
കദനഭാരത്തിൻ കയത്തിലാഴ്ത്തീടുന്നു
മാംസവിപണനമാസ്മരലോകത്തിൽ
വിലപേശി വില്ക്കുന്നൊരുല് പന്നമായ്

കന്യയുടെ കരൾ നൊന്ത് കിനിയുന്ന കണ്ണീര്
കണ്ടില്ല എന്നു നടിക്കുന്നു കശ്മലർ
പൊട്ടിച്ചെറിയുന്നു സ്ത്രൈണാ ദിമാനത്തിൻ
ലോലഭാവമുള്ള നിഷ്ക്കരുണം

അമ്മയുടെ തിരുമടിയിലുറങ്ങും ശിശുവിനെ
തിൻമയുടെ പെരുവഴിയിലറിയുന്നു കശ്മലർ
പിന്നെയവൻ മാനം കെടുത്തുന്ന ഭീകര
പീഢനനൃത്ത ചുവടുകളാടുന്നു


സുരക്ഷിതമാകേണ്ട 'വനങ്ങൾ പോലും.
അരക്ഷിതമാകുന്നു നാരീജനങ്ങൾക്ക്
ബന്ധങ്ങളെ മറന്നന്ധരായ് തീരുന്ന
ബന്ധുക്കളാടുന്ന മൃതിതാള താണ്ഡവം

കരിവളകൾ പൊട്ടുന്നു കാട്ടുപാതകളിൽ
തരുനിരകൾ ഞെട്ടുന്നു ആക്രന്ദനങ്ങളാൽ
നട വഴിയിലിടവഴിയിൽ മാനത്തിനായ് പൊരുതി
ഒടുവിൽ തളർന്നു തകരുന്നവൾ

അരുതരുത് സ്നേഹിതാ നിന്റെ മാതാവിവൾ
അരുതരുത് സോദരാ നിൻ സോദരിയിവൾ
എരിയരുതിവളിനി ക്രൂരമാം പീഢന
വ്യഥയുടെ നെരിപ്പോടിലഗ്നിയായി
ആരിവൾ...... ആരിവൾ
ഇവളെൻ ദ്രൗപതി.

**മീയണ്ണൂർ ബാബു,**
**അദ്ധ്യാപകൻ**
**ജി.എച്ച്.എസ് പള്ളിമൺ**









നിഷാദ്
4 ബി